"ഭരണഭാഷ-മാതൃഭാഷ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സംസ്ഥാനത്ത് ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുന്നത്-അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു

**ധനകാര്യ (പി.യു-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.84/2025/ധന** **തീയതി, തിരുവനന്തപുരം, 04/07/2025**

പരാമർശം :- 1) 2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ട്.

2) 2023 സെപ്റ്റംബറിൽ റിസർവ്വ് ബാങ്ക് പുറത്തിറക്കിയ റിപ്പോർട്ട് ഓഫ് ദി വർക്കിംഗ് ഗ്രൂപ്പ് ഓൺ സ്റ്റേറ്റ് ഗവൺമെന്റ് ഗാരണ്ടീസ്

**ഉത്തരവ്**

2003-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി ആക്ടിലെ ക്ലോസ് 6(1) പ്രകാരം സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് സ്വീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അതു കൂടാതെ റിസർവ്വ് ബാങ്ക് പുറത്തിറക്കിയ "റിപ്പോർട്ട് ഓഫ് ദി വർക്കിംഗ് ഗ്രൂപ്പ് ഓൺ സ്റ്റേറ്റ് ഗവൺമെന്റ് ഗാരണ്ടി " യിൽ സംസ്ഥാനങ്ങൾ ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ നല്കുന്ന ഗാരണ്ടികൾ നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുന്ന അനിശ്ചിത ബാധ്യതകൾ നിറവേറ്റുന്നതിനായി ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് കേരള സംസ്ഥാനത്ത് രൂപീകരിക്കുന്നതിനും അതിന് ആവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടന, പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് SRO വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.ആർ. ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള , തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3087)
കേന്ദ്ര ധനകാര്യ വകുപ്പ്, ഡിപ്പാർട്ടുമെന്റ് ഓഫ് എക്സ്പെൻഡീച്ചർ (പബ്ലിക്ക് ഫിനാൻസ്-സ്റ്റേറ്റ് ഡിവിഷൻ)
റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**